# പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1841 — 25.03.2013 ന് മറുപടിയ്ക്ക്.

## കേരളത്തിലെ വന്യമൃഗങ്ങളുടെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വനങ്ങളിൽ മൃഗങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് യാഥാർത്ഥ്യമാണോ; | (എ) യാഥാർത്ഥ്യമാണ്. |
| (ബി)വനം വകുപ്പ് നടത്തിയ കണക്കെടുപ്പുകളിൽ കേരളത്തിലെ വനങ്ങളിൽ കടുവ, പുള്ളിപ്പുലി എന്നിവയുടെ ഇപ്പോഴത്തെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) കടുവകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (സി) കേരളത്തിലെ കാട്ടുകളിൽ ആനകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ; ഇപ്പോഴത്തെ കണക്കെടുപ്പുകളിൽ എത്ര ആനകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ? | (സി) കുറവുണ്ടായിട്ടില്ല. കേരളത്തിലെ കാട്ടാനകളുടെ കണക്കെടുപ്പ് അവസാനമായി നടത്തിയത് 2012 വർഷത്തിലാണ്. ഈ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 6177 ആനകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.